"ഭരണഭാഷ — മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ - അക്കൗണ്ട്സ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ശ്രീമതി. ലത.എം.എസ് - ന്റെ ഡെപ്യൂട്ടേഷൻ കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1049/2020/ഉ.വി.വ. തീയതി, തിരുവനന്തപുരം, 19.08.2020

---

പരാമർശം:- 24.06.2019 ലെ ജി.ഒ(ആർ.ടി) 1045/2019/ഉവിവ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

പരാമർശത്തിലെ ഉത്തരവ് പ്രകാരം ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും ഫയർ & റെസ്ക്യൂ സർവ്വീസസ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ ഫിനാൻസ് ഓഫീസറുമായിരുന്ന ശ്രീമതി. ലത.എം.എസ് - നെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അക്കൗണ്ട്സ് ഓഫീസറായി ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുകയും, ടിയാൾ 08.07.2019-ൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ശ്രീമതി. ലത.എം.എസ്- ന്റെ ഡെപ്യൂട്ടേഷൻ കാലാവധി 08.07.2020 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ധനകാര്യ വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അക്കൗണ്ട്സ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ ജോലിനോക്കി വരുന്നതുമായ ശ്രീമതി. ലത.എം.എസ്- ന്റെ പ്രസ്തുത തസ്തികയിലെ അന്യത്രസേവന കാലാവധി നിലവിലെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി 08/07/2020 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജേഷ് കുമാർ.കെ.കെ**
അണ്ടർ സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം.
ശ്രീമതി. ലത.എം.എസ്, അക്കൗണ്ട്സ് ഓഫീസർ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (12.06.2020-ലെ ഭരണം-എ 2-110/19/ധന പ്രകാരം)
പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് (29.7.2020-ലെ Spl E2-105/2020/GAD പ്രകാരം)
www.highereducation.kerala.gov.in
സ്റ്റോക്ക്/ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ